# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ജി.എച്ച്.എസ്.എസ് മംഗലം

2025-26

GOVT HIGH SCHOOL MANGALAM, THRISSUR

Scanned with OKEN Scanner

# മേഖല - ഹൈസ്കൂൾ- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoonപ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema & Documentary-Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ് | രക്ഷിതാക്കൾ |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5)കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുക | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | | | |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ് | |
| 7) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ, വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

GOVT. HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക, ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപ പ്പെടുത്തുക. | <u>കാടും മേടും</u>: ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളിലേക്ക്, ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പി ക്കുന്നു. | അക്കാദമിക വർഷം മുഴുവ നായി നടത്തുന്നു. നിശ്ചിത തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധ്യപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം ഇവ വളർത്തുക | <u>വയൽ കിളികൾ</u>: സാമൂഹ്യശാ സ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാ ക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി, പ്രധാന ട്രിപ്പുകൾ സംഘടിപ്പി ക്കുന്നു. | | | |
| | <u>നമ്മൾ ഒന്നായി</u>: സ്കൂൾ പാർല മെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീ ക്ഷണ നിരീക്ഷണം വളർത്തുക. | <u>സ്റ്റാർട്ട് അപ്പ്</u>: സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു, ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്ത നങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ്.എം.സി |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മ പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക | <u>പട്ടുപാതയിലൂടെ</u>: ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു, ഭൂപട വായന പ്രോത്സാഹിപ്പി ക്കുന്നു. കൂടുതൽ പ്രവർത്ത നങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4) ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ, പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | <u>ചരിത്രം ഉറങ്ങുന്ന മണ്ണ ലൂടെ:</u> സർവ്വേ പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖം എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തന ങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 5)കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കുവാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | <u>ഡിജിറ്റൽ ക്ലാസ്റൂം:</u> സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവി ജ്ഞാന മേഖല പരിപോ ഷിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടു തൽ വ്യക്തമായ ധാരണ കൾ നൽകുക. വീഡിയോ പ്രദർശനം പ്രൊജക്ട് റും, | അക്കാദമിക വർഷം മുഴു വനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും, ജലാശയത്തെ കുറിച്ചും, കാറ്റുകൾ, സമുദ്ര ങ്ങൾ, പർവ്വതങ്ങൾ ഇവ യെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | <u>ചരിത്ര കൊട്ടാരം:</u> വിവിധ മേഖലകളെക്കുറിച്ച് കുട്ടി കളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീക രണം കണ്ടുംകേട്ടും, തൊട്ടറിഞ്ഞ പഠനം ഹര മാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴു വനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

Scanned with OKEN Scanner

## മേഖല ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യ നിർമ്മാണം, ചിത്ര അടിക്കുറിപ്പ്, ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | അധ്യായന വർഷം | അധ്യാപകർ | പി.ടി.എ, അധ്യാപകർ |
| 2) എഴുത്തുകൂട്ടം (സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ, വായന സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | വിദ്യാരംഗം ക്ലബ് |
| 3) സർഗ്ഗസല്ലാപം (ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക) | പ്രാദേശികമായി ലഭ്യമാകുന്ന എഴുകത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | വിദ്യാരംഗം ക്ലബ് |
| 4) നാടകകളരി (ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാൻ) | മാറിയ പാഠപുസ്തകങ്ങളിലെ പാഠഭാഗവും ആയി ബന്ധപ്പെട്ട നാടകാവിഷ്ക്കാരം. | പ്രതിമാസപരിപാടി | കുട്ടികൾ | പി.ടി.എ, അധ്യാപകർ |
| 5) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി രൂപികരിക്കൽ | 6 മാസം | അധ്യാപകർ രക്ഷിതാക്കൾ | വായന ക്ലബ് |

Scanned with OKEN Scanner

## മേഖല ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6) പത്രവായന പരിപോഷിപ്പിക്കുക | പത്രവായന-പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ | | | |
| 7) എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക. | വായന മത്സരം, പത്രവായന, പുസ്തകവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന | അക്കാദമിക വർഷം | മലയാളം അധ്യാപകർ | അധ്യാപകർ |
| 8) സദസ്സിനെ അഭിമുഖീകരിക്കൽ പ്രാപ്തനാക്കുക | പ്രസംഗ പരിശീലനകളരി, വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക, മികച്ച പ്രസംഗങ്ങളുടെ ഓഡിയോ-വീഡിയോ കേൾപ്പിക്കുക, അസംബ്ലിയിൽ പ്രസംഗം അവതരിപ്പിക്കുക. | 6 മാസം | അധ്യാപകൻ പ്രസംഗികൻ | വിദ്യാരംഗം കലാസാഹിത്യ വേദി |
| 9) സാഹിത്യ പഠന യാത്ര | മാതൃഭാഷയും സംസ്കാരവും ആയി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുക, അവയുടെ പ്രാധാന്യവും പ്രസക്തിയും അനുഭവിച്ചറിയുക. | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | രക്ഷിതാക്കൾ അധ്യാപകർ |

GOVT HIGH SCHOOL

Scanned with OKEN Scanner

| മേഖല - ഹൈസ്കൂൾ- ഫിസിക്കൽസയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) നിരീക്ഷണപാടവം, ശാസ്ത്രകൗതുകം, ശാസ്ത്രഅഭിരുചി എന്നിവ പരിപോഷിപ്പിക്കൽ | കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ലഘുപരീക്ഷകൾ, മോഡലുകൾ എന്നിവ നിർമ്മിക്കാനുള്ള പിന്തുണ നല്കുന്നു. മെച്ചപ്പെട്ടവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2) നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു. | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിച്ച് പ്രദർശനം നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | പി.ടി.എ |
| 3) ശാസ്ത്രബോധവും സഹകരണ മനോഭാവവും വളർത്തുക. | സയൻസ് ലാബ്, ലൈബ്രറി, ഐ.ടി ലാബ് എന്നിവ നവീകരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് എസ്.എം.സി |
| 4) പരിസ്ഥിതി സൗഹൃദവും വസ്തുതാധിഷ്ഠിതവും അന്വേഷണാത്മകവുമായ ചിന്തകൾ വളർത്തുക. | ക്വിസ്, സെമിനാർ, പ്രോജക്ട്, ശാസ്ത്രകാരൻമാരുമായി സംവാദിക്കാൻ, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്, ഔഷധ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് അധ്യാപകർ | അധ്യാപകർ, രക്ഷിതാക്കൾ, എസ്.എം.സി |

GOVT HIGH SCHOOL

Scanned with OKEN Scanner

**മേഖല - ഹൈസ്കൂൾ- ഹിന്ദി** **എട്ടാംതരം**

## പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവ ർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ | | |
| 2) ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നലകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ | | |
| 3) ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി | | |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- ഹിന്ദി

### ഒമ്പതാംതരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ | | |
| 2) നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br><br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ | | |
| 3) പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നലകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നലകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br><br>ഡിസംബർ - ജനുവരി | | |

GOVT HIGH SCHOOL

Scanned with OKEN Scanner

ഖല - ഹൈസ്കൂൾ- ഹിന്ദി

പത്താംതരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സന്ദർഭോജിതമായി തിരക്കഥയെഴുതുവാൻ അവസരം നൽകുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ | | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വാഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ - ജനുവരി | | |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- ബയോളജി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അനുദിനം വികസച്ചുകൊണ്ടിരിക്കുന്ന നൂതനശാസ്ത്ര സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനുള്ള സാഹചര്യം ഉണ്ടാക്കുക. | ശാസ്ത്രലാബിന്റെ പരമാവധി ഉപയോഗം, ശാസ്ത്ര മാസിക, ലൈബ്രറി എന്നിവയുടെ കാര്യക്ഷമമായ ഉപയോഗം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, സ്കൂൾ |
| 2) ശാസ്ത്രമേളകൾ, വി.ഐ.പി പോലുള്ള പ്രോഗ്രാമുകളിൽ കുട്ടികളുടെ പങ്കാളിത്തം, നൈപുണി വളർത്തൽ. | ശാസ്ത്രവും അശാസ്ത്രിയതയും തമ്മിൽ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ കുട്ടികളെ സജ്ജമാക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ വി. ഐ.പി, സയൻസ് ക്ലബ് | സ്കൂൾ |
| 3) കൃഷിയുടെ മഹത്വം തിരിച്ചറിഞ്ഞ് കൃഷിയിലേക്ക് കുട്ടികളെ ആകർഷിക്കൽ. നൂതന കൃഷിരീതികൾ, വളപ്രയോഗങ്ങൾ കൃഷിയിൽ താല്പര്യം വളർത്തിയെടുക്കൽ. | പ്രാദേശികവും പരമ്പരാഗതവുമായ കൃഷി രീതികൾ നാട്ടറിവുകൾ തുടങ്ങിയവ കണ്ടെത്തുന്നതിനും പരിശീലിക്കുന്നതിനുമുള്ള അവസരങ്ങൾ | അക്കാദമിക വർഷം | എസ്.എം.സി അധ്യാപകർ | സ്കൂൾ വെൽ- എസ്.എം.സി |
| 4) ശരിയായ ഭക്ഷണം, വ്യായമം, ശുചിത്വം എന്നിവയുടെ ശാസ്ത്രിയത ബോധ്യപ്പെടൽ | ബി.എം.ഐ രേഖപ്പെടുത്തുക, ഔഷധത്തോട്ടങ്ങൾ പച്ചക്കറി തോട്ടങ്ങൾ എന്നിവ നിർമ്മിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം | ബയോളജി അധ്യാപകർ എക്കോ ക്ലബ് | സ്കൂൾ |
| 5) മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ മിതമായ ഉപയോഗം പൊതുമുതൽ സംരക്ഷണം പരിപാലനം എന്നിവയെക്കുറിച്ചുള്ള ശരിയായ അവബോധം സൃഷ്ടിക്കൽ. | പ്ലാസ്റ്റിക് നിരോധിത ഹരിത വിദ്യാലയം. | അക്കാദമിക വർഷം | ബയോളജി അധ്യാപകർ എക്കോ ക്ലബ് | സ്കൂൾ |
| 6) ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ബോധവത്കരണ പരിപാടികൾ | ലഹരി എന്ന വിപത്ത് തടയൽ, ബോധവത്കരണത്തിൽ കുട്ടികളുടെ പങ്കാളിത്തം | അക്കാദമിക വർഷം | അധ്യാപകർ എക്സൈസ് ഡിപ: | സ്കൂൾ |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|---|
| 1) ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും യോഗ പരിശീലനം | ജൂൺ - ജൂലൈ | കായികാധ്യാപകർ, യോഗ ട്രെയിനർസ് സ്റ്റാഫ് | | |
| 2) വ്യത്യസ്ത കായിക ഇനങ്ങളിൽ തിരഞ്ഞെടുപ്പ്. | വിവിധ കായിക ഇനങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ള കുട്ടികൾക്ക് ഫുട്ബോൾ, അത്‌ലറ്റിക്സ്, ക്രിക്കറ്റ്, കബഡി, ഖോ-ഖോ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയ കായിക ഇനങ്ങളിൽ സെലക്ഷൻ നടത്തി അതിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ആഗസ്റ്റ് - നവംബർ | കായികാധ്യാപകർ, പി.ടി.എ സ്റ്റാഫ് | | ഘട്ടം ഘട്ടമായി മാത്രമേ ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കൂ. |
| 3) ആരോഗ്യ കായിക വിദ്യാഭ്യാസം | മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി അവരുടെ പ്രായം, തൂക്കം, പൊക്കം, ആരോഗ്യസ്ഥിതി എന്നിവ പരിശോധിച്ച് രേഖപ്പെടുത്തുകയും അത് കൃത്യമായ ഇടവേളകളിൽ വേണ്ട വിധത്തിൽ പുരോഗമിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്യുന്നു. | ഡിസംബർ - ഫെബ്രുവരി | ഹെഡ്മാസ്റ്റർ, കായികാധ്യാപകർ, ക്ലാസ് ലീഡേഴ്സ്, മറ്റ് അധ്യാപകർ | | ഘട്ടം ഘട്ടമായി മാത്രമേ ഈ പ്രവർത്തനങ്ങൾ പൂർത്തികരിക്കുവാൻ സാധിക്കൂ. |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം:- പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത , ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശിൽപ്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘത്തലവൻ | പി.ടി.എ |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുളള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു, | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ ചർച്ചകൾ പഠനാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുളള കൂട്ടായ്മ. | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്, മാനേജ്മെന്റ് |
| 8) ഗണിതമത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകൻ, പി.ടി.എ | പി.ടി.എ |

GOVT HIGH SCHOOL

Scanned with OKEN Scanner

| മേഖല - ഹൈസ്കൂൾ- ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 9) മാത്സ് ലാബ് | ശില്പശാലകളിലൂടെ ലാബി ലേക്ക് ആവശ്യമായ പഠനോപക രണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകൻ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നട ത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകൻ, എച്ച്.എം, പി.ടി.എ പ്രസിഡന്റ് | പി.ടി.എ |

GOVT. HIGH SCHOOL MANGALAM, THIRUVANANTHAPURAM

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- അറബി

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ, കവിതകൾ, ചിത്രകഥകൾ....<br>വായനാ കോർണർ സ്ഥാപിക്കുന്നു | 6 മാസം<br>ജൂൺ - നവംബർ | സ്കൂൾ<br>ലൈബ്രറി<br>പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>എഴുത്ത്</u><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസീനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ - നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ - ഡിസംബർ | | സ്പോൺസർഷിപ്പ് |
| <u>അറിവിൻ തിളക്കം</u><br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ<br>എല്ലാ മാസവും | ബോക്സ്,<br>ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. | ജൂലൈയ് - ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ |
| | അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |

GOVT HIGH SCHOOL

Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ- അറബി

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിംപ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക. | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ | ബി.ആർ.സി ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **അറബിക് ഫെസ്റ്റ്**<br>അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

GOVT HIGH SCHOOL MANGALAM, THRIKKUNNAPUZHA

ABDUL SHAMLAD S.
PEN 254398
HEADMASTER
GOVT. HSS MANGALAM
ALAPPUZHA-690 515

Scanned with OKEN Scanner

# സ്കൂൾ തനത് പ്രവർത്തനം – അപ്പർ പ്രൈമറി & ഹൈസ്കൂൾ

## പ്രോജക്റ്റ്: കാർഷിക ചന്ത

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മണ്ണിന്റെ ഘടനയും കൃഷിയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുക<br><br>2) ശാസ്ത്രീയമായ കൃഷിരീതികളെ പ്പറ്റി കുട്ടികൾ മനസ്സിലാക്കുക.<br><br>3) കൃഷി സ്വനതം ഗ്രാമത്തിലെ സാമൂഹിക സാമ്പത്തിക മേഖല യിൽ ചെലുത്തുന്ന സ്വാധീനം കുട്ടികൾ മനസ്സിലാക്കുക.<br><br>4) കച്ചവടത്തിലെ / കൃഷിയിലെ ഗണിതത്തിന്റെ പ്രാധാന്യം കുട്ടി കൾ മനസ്സിലാക്കുക. | • മണ്ണും കൃഷിയും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.<br>• കാർഷിക മേഖലയിൽ നിന്നും അറിവുള്ളവരെ ഉപയോഗിച്ച് ക്ലാസുകൾ സംഘടിപ്പിക്കുക.<br>• കൃഷിയും ശാസ്ത്രവും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.<br>• കൃഷി ഓഫീസറുടെ സഹായത്തോടു കൂടി ഈ വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• കൃഷി ആറാട്ടുപുഴയുടെ സാമൂഹിക സാമ്പത്തിക മേഖലയിൽ ചെലുത്തുന്ന സ്വാധീനം എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.<br>• ആറാട്ടുപുഴയിലെ വിവിധ കാർഷിക മേഖലകളെ ക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നു.<br>• പച്ചക്കറി തൈകൾ കുട്ടികൾക്ക് വിതരണം ചെയ്ത് കൂടടികളെ കൃഷി ചെയ്യിക്കുന്നു.<br>• ആഗസ്റ്റ് മാസം അവസാനത്തോടുകൂടിയോ സെപ്റ്റംബർ ആദ്യമോ കുട്ടുകളുടെ കാർഷിക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി "കാർഷിക ചന്ത" നടത്തുന്നു.<br>• കച്ചവടത്തിലെ അളവ് തൂക്കങ്ങളും ഭിന്നസംഖ്യയും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ജൂൺ-ജൂലൈ-ആഗസ്റ്റ്<br>ജൂൺ-ജൂലൈ-ആഗസ്റ്റ്<br>ജൂൺ-ജൂലൈ-ആഗസ്റ്റ്<br>ജൂൺ-ജൂലൈ-ആഗസ്റ്റ്<br>ജൂൺ-ജൂലൈ-ആഗസ്റ്റ്<br>ജൂൺ-ജൂലൈ-ആഗസ്റ്റ്<br>ജൂൺ-ജൂലൈ<br>ആഗസ്റ്റ് – സെപ്റ്റംബർ<br>ജൂലൈ | പരിസ്ഥിതി ക്ലബ്<br>പരിസ്ഥിതി ക്ലബ്<br>ശാസ്ത്ര ക്ലബ്<br>ശാസ്ത്ര ക്ലബ്<br>സോഷ്യൽ സയൻസ് ക്ലബ്<br>സോഷ്യൽ സയൻസ് ക്ലബ്<br>ഗണിത ക്ലബ്<br>ഗണിത ക്ലബ്<br>ഗണിത ക്ലബ് | [illegible] ഫ്<br>സ്റ്റാഫ് ഫ്<br>" "<br>" "<br>" "<br>" "<br>" "<br>" "<br>" "<br>" " |

Scanned with OKEN Scanner

# സ്കൂൾ തനത് പ്രവർത്തനം – അപ്പർ പ്രൈമറി & ഹൈസ്കൂൾ

## പ്രോജക്റ്റ്: കാർഷിക ചന്ത

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) വിവരശേഖരണം കാർഷികമേഖലയിലും, കച്ചവടത്തിലും വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും എങ്ങിനെ പ്രയോജനപ്പെടുത്താം എന്ന് കുട്ടികളെ മനസ്സിലാക്കുക. | • ഗണിത ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ അതാത് ക്ലാസിലെ കുട്ടികളുടെ കാർഷിക വിവരങ്ങൾ ശേഖരിച്ച് ലിബർ ഓഫീസ് കാൽക് ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യുക. | ജൂലൈ-ആഗസ്റ്റ്-സെപ്റ്റംബർ | ഗണിത ക്ലബ് | |
| | • കാർഷിക ചന്തയുടെ നടത്തിപ്പും അതിന്റെ സാമ്പത്തിക വിശകലനത്തിന്റെ ഉത്തരവാദിത്വവും, എല്ലാ വിവരങ്ങളുടെ ഡിജിറ്റലൈസേഷന്റെ ഉത്തരവാദിത്വവും ഗണിതക്ലബിന് നൽകി നടപ്പിലാക്കുന്നു. | ജൂലൈ- ആഗസ്റ്റ്-സെപ്റ്റംബർ | ഗണിത ക്ലബ് | |
| 6) കാലാവസ്ഥ വ്യതിയാനം കൃഷിയിൽ ചെലുത്തുന്ന സ്വാധീനം കുട്ടികൾ മനസ്സിലാക്കുന്നു. | • കാലാവസ്ഥ വ്യതിയാനവും കൃഷിയും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ | സോഷ്യൽ സയൻസ് ക്ലബ് | |
| 7) ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വിവിധ മേഖലകളെ മുൻനിർത്തി കുട്ടികൾ മനസ്സിലാക്കുന്നു. | • സെമിനാറുകളുടെ നടത്തിപ്പിന് വേ സാങ്കേതിക സഹായങ്ങൾ നൽകുന്നു. | ജൂലൈ- ആഗസ്റ്റ്-സെപ്റ്റംബർ | ഐ.റ്റി ക്ലബ് | |
| | • റീൽസുകളിലൂടെയും പോസ്റ്ററുകളിലൂടെയും സോഷ്യൽ മീഡിയയുടെ സഹായത്തോടുകൂടി "കാർഷിക ചന്ത"യുടെ പ്രചരണം നടത്തുക. | ജൂൺ- ജൂലൈ-ആഗസ്റ്റ്-സെപ്റ്റംബർ | ഐ.റ്റി ക്ലബ് | |
| 8) പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം കുട്ടികൾ മനസ്സിലാക്കുന്നു. | • പ്ലാസ്റ്റിക്കും പരിസ്ഥിതിയും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ- ആഗസ്റ്റ് | പരിസ്ഥിതി ക്ലബ് | |
| 9) ഉത്പാദനം ഒരു രാജ്യത്തിന്റെ സാമ്പത്തിക മേഖലയുടെ ഉന്നമനത്തിന് എത്രമാത്രം സഹായിക്കുന്നു എന്ന് കുട്ടികൾ മനസ്സിലാക്കുന്നു. | • ഉതപാദനവും രാജ്യത്തിന്റെ സാമ്പത്തിക ഉന്നമനവും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ- ആഗസ്റ്റ് | സോഷ്യൽ സയൻസ് ക്ലബ് | |

Scanned with OKEN Scanner

# സ്കൂൾ തനത് പ്രവർത്തനം – അപ്പർ പ്രൈമറി & ഹൈസ്കൂൾ

## പ്രോജക്റ്റ്: കാർഷിക ചന്ത

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 10) പരിസ്ഥിതി സൗഹാർദ്ദവും ശാസ്ത്രീയവുമായ കൃഷിരീതികൾ കുട്ടികൾ മനസ്സിലാക്കുന്നു | • പരിസ്ഥിതി സൗഹാർദ്ദമായതും ശാസ്ത്രീയമായതുമായ കീടനിയന്ത്രണം കൃഷിയിൽ എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ-ആഗസ്റ്റ്- | പരിസ്ഥിതി ക്ലബ്ബ് & ശാസ്ത്ര ക്ലബ്ബ് | [illegible] ഫ് സ്റ്റാഫ് ഫ് |
| 11) മാലിന്യ സംസ്കരണത്തിന്റെ മാർഗ്ഗങ്ങളെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും കുട്ടികൾ മനസ്സിലാക്കുന്നു. | • ഗൃഹമാലിന്യസംസ്കരണവും കൃഷിയും എന്ന വിഷയത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ- ആഗസ്റ്റ് | പരിസ്ഥിതി ക്ലബ്ബ് | [illegible] ഫ് സ്റ്റാഫ് ഫ് |
| | • ഈ വിഷയത്തിൽ വിദഗ്ധരുടെ സഹായത്തോടു കൂടി ക്ലാസുകൾ സംഘടിപ്പിയ്ക്കുന്നു. | ജൂലൈ- ആഗസ്റ്റ് | പരിസ്ഥിതി ക്ലബ്ബ് | [illegible] ഫ് സ്റ്റാഫ് ഫ് |

Scanned with OKEN Scanner